I ഇ.ബി. XIII – കേരള നിയമസഭ/I-13

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂലൈ 15, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ഗവർണ്ണറുടെ സന്ദേശം**

2011 ജൂൺ മാസം 29-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയ ത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**അടിയന്തിര പ്രമേയം**

**മാധ്യമ പ്രവർത്തകർക്കുനേരെയുണ്ടായ പോലീസ് അതിക്രമം**

മി. സ്പീക്കർ: 14-07-2011-ന് തിരുവനന്തപുരത്തെ എൽ.എം.എസ്. കോമ്പൗണ്ടിൽ തലവരിപ്പണം സംബന്ധിച്ച വാർത്ത റിപ്പോർട്ട് ചെയ്യാനെത്തിയ ഏഷ്യാനെറ്റ് പ്രവർത്തകരെ ഒരു സംഘം ആളുകൾ മർദ്ദിക്കുകയും ക്യാമറ തട്ടിയെടുക്കുകയും ഈ സംഭവമറിഞ്ഞെത്തിയ മാധ്യമപ്രവർത്തകരെ പോലീസുകാർ ആക്രമിക്കുകയും പരിക്കുപറ്റിയ

ഇൻഡ്യാവിഷൻ ബ്യൂറോ ചീഫ് മാർഷൽ, ഏഷ്യാനെറ്റ് റിപ്പോർട്ടർ, ഏഷ്യാനെറ്റ് ക്യാമറാമാൻ എന്നിവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഇ.പി. ജയരാജൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ മെഡിക്കൽ കോളേജ് മാനേജ്മെന്റ് വിദ്യാർത്ഥി പ്രവേശനത്തിന് തലവരിപ്പണം വാങ്ങിയതുമായി ബന്ധപ്പെട്ട വാർത്ത വിവാദമായതിനെത്തുടർന്ന് എൽ.എം.എസ്. കോമ്പൗണ്ടിൽ ബിഷപ്പിനെക്കണ്ട് കോളേജ് മാനേജുമെന്റിനെതിരെ പരാതി നൽകാനെത്തിയ സി.എസ്.ഐ. ആക്ഷൻ കൗൺസിൽ പ്രതിനിധികളെ ഇന്റർവ്യൂ ചെയ്ത ഏഷ്യാനെറ്റ് റിപ്പോർട്ടറേയും ക്യാമറാമാനേയും അവിടത്തെ സെക്യൂരിറ്റിയും മറ്റുചിലരും ചേർന്ന് തടഞ്ഞുവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ക്യാമറ പിടിച്ചുവാങ്ങുകയും ചെയ്ത വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ്, പരിക്കുപറ്റിയവരെ ആശുപത്രിയിലാക്കുകയും ക്യാമറ തിരികെവാങ്ങി നൽകുകയും ചെയ്തു. പ്രസ്തുത സംഭവത്തിൽ പ്രതിഷേധിച്ച് കേരള പത്രപ്രവർത്തക യൂണിയന്റെ ആഭിമുഖ്യത്തിൽ പത്രപ്രവർത്തകർ എൽ.എം. എസ് കോമ്പൗണ്ടിലേക്ക് മാർച്ച് നടത്തുകയും പത്രക്കാരും ബിഷപ്പ് ഹൗസിലുണ്ടായിരുന്ന ജീവനക്കാരും തമ്മിലുണ്ടായ ഏറ്റുമുട്ടലിനിടയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരന്റെ ലാത്തികൊണ്ട് ഇൻഡ്യാവിഷൻ ബ്യൂറോ ചീഫിന്റെ തലയ്ക്ക് പരിക്കുപറ്റുകയും ചെയ്തു. ഏഷ്യാനെറ്റ്

പ്രവർത്തകരെ ദേഹോപദ്രവം ഏൽപ്പിച്ചതിനും ക്യാമറയിൽ നിന്നും ടേപ്പ് നീക്കം ചെയ്തതിനും ഏഷ്യാനെറ്റ് റിപ്പോർട്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന എ.എസ്.ഐ. അടക്കം 28 ഓളം പേർക്കെതിരെയും ഇൻഡ്യാവിഷൻ ബ്യൂറോ ചീഫിന്റെ പരാതിയെത്തുടർന്ന് എ.ആർ.സി.പി.ഒ.-യെ പ്രതിയാക്കിയും പോലീസ് കേസ്സുകളെടുത്തിട്ടുണ്ട്. മാധ്യമ പ്രവർത്തകരുടെ സത്യാഗ്രഹത്തെത്തുടർന്ന് ക്യാമറയിൽനിന്നും മാറ്റിയ ടേപ്പ് പോലീസ് തിരിച്ച് വാങ്ങിക്കൊടുത്തെങ്കിലും അത് മായ്ക്കപ്പെട്ടിരുന്നു എന്ന പരാതിയിന്മേലും കേസെടുത്തിട്ടുണ്ട്. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തിവരികയാണ്. മാധ്യമ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നതിന് ആരേയും അനുവദിക്കുകയില്ല. മൂന്ന് കേസ്സുകളും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ഇ.പി. ജയരാജൻ</u>: കാരക്കോണം മെഡിക്കൽ കോളേജിൽ തലവരിപ്പണം വാങ്ങുന്നത് സംബന്ധിച്ച വിവാദ വാർത്തയെത്തുടർന്ന് പണം തിരികെ വാങ്ങുന്നതിനും ബിഷപ്പിനെക്കണ്ട് പരാതി നൽകുന്നതിനുമായി എൽ.എം.എസ്. കോമ്പൗണ്ടിലെത്തിയ രക്ഷിതാക്കളേയും സി.എസ്.ഐ. ഐക്യവേദിക്കാരേയും മാനേജുമെന്റിന്റെ ആൾക്കാർ ആക്രമിക്കുകയും ക്യാമറ തകർത്ത് ടേപ്പ് എടുത്തുമാറ്റുകയും ചെയ്തു. പിടിച്ചെടുത്ത ക്യാമറയും ടേപ്പും ആവശ്യപ്പെട്ട പത്രപ്രവർത്തകരെ ഉന്നത പോലീസുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പോലീസ് ആക്രമിക്കുകയും ഇൻഡ്യാ വിഷൻ ചീഫ് മാർഷലിന്റെ തലയ്ക്ക് ഗുരുതരമായ പരിക്കുപറ്റി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയുമാണ്. സ്വാശ്രയ കോളേജ് നയത്തിനെതിരെ സമരം ചെയ്യുന്നവരെ പോലീസിനെ ഉപയോഗിച്ച്

അടിച്ചമർത്തുകയും മാഫിയ-ക്രിമിനൽ പശ്ചാത്തലമുള്ളവരെ പോലീസിന്റെ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ നിയോഗിക്കുകയും ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മാധ്യമപ്രവർത്ത കർക്ക് സ്വതന്ത്രമായി പത്രപ്രവർത്തനം നടത്താനുള്ള സാഹചര്യം ഉണ്ടാകണം. ഈ ആക്രമണങ്ങൾക്ക് ഉത്തരവാദികളായവരുടെ പേരിൽ വധശ്രമത്തിന് കേസ്സെടുക്കണം. സ്വതന്ത്രമായ പത്രപ്രവർത്തനം തടസ്സപ്പെട്ടി രിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മാധ്യമപ്രവർത്തകർക്കുനേരെയുള്ള കയ്യേറ്റത്തെ നിസ്സാരമായി കാണാതെ പൂർണ്ണ ഉത്തരവാദിത്തത്തോടു കൂടിയാണ് ഗവൺമെന്റ് പ്രവർത്തിച്ചിട്ടുള്ളത്. 14-07-2011-ന് വൈകുന്നേരം മാധ്യമപ്രവർത്തകരുടെ പരാതി കിട്ടിയ ഉടൻ കുറ്റാരോപിതരായ രണ്ട് പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അവർക്കെതിരെ നിയമ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. മാധ്യമപ്രവർത്തകരിൽ നിന്നും കിട്ടിയ പരാതി ഐ.ജി.ക്ക് കൈമാറുകയും അക്രമികൾക്കെതിരെ ജാമ്യമില്ലാവകുപ്പനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുത്തരവാദികളായവരുടെ പേരിൽ നിയമാനുസൃത നടപടിയുണ്ടാകും. മാധ്യമ പ്രവർത്തകർക്കെതിരെ അക്രമം നടത്താൻ അനുവദിക്കുകയില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) കീടനാശിനി നയ രൂപീകരണം**

ശ്രീ. ജോസഫ് വാഴക്കൻ: സംസ്ഥാനത്ത് കീടനാശിനികളുടെ ഉപയോഗത്തിനെതിരെ പല ഭാഗത്തുനിന്നും വിവിധ തരത്തിലുള്ള പ്രചരണങ്ങളുള്ളതിനാൽ കാർഷിക മേഖലയിൽ പ്രതിസന്ധി ഉണ്ടായിരിക്കുകയാണ്. പ്രചരണങ്ങൾ സ്ഥിരീകരിക്കാനോ, തള്ളിക്കളയാനോ, ബദൽ നടപടികൾ സ്വീകരിക്കുവാനോ സംസ്ഥാനത്ത് യാതൊരു സംവിധാനവുമില്ല. ഇന്നലെവരെ കൃഷിശാസ്ത്രജ്ഞർ പറഞ്ഞതും പഠിപ്പിച്ചതുമനുസരിച്ചുള്ള രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് കൃഷി നടത്തിക്കൊണ്ടിരുന്ന കർഷകരെ ജനവിരുദ്ധരും സാമൂഹ്യവിരുദ്ധരുമായി ചിത്രീകരിച്ച് കൃഷി തടസ്സപ്പെടുത്തുന്ന അവസ്ഥയാണുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സമയബന്ധിതമായ ഷെഡ്യൂൾ തയ്യാറാക്കുകയും ശാസ്ത്രീയ കൃഷിരീതികളുടെ ദോഷവശങ്ങൾ മനസ്സിലാക്കി ബദൽ സംവിധാനം കൊണ്ടുവരുന്നതിന് നടക്കുന്ന ഗവേഷണങ്ങൾ ഫലപ്രദമാക്കുകയും വേണം. രാസവളങ്ങളും കീടനാശിനികളും സംബന്ധിച്ച ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനും കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ജനപ്രതിനിധികളും കൃഷി ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും കർഷക പ്രതിനിധികളും അടങ്ങുന്ന ഒരു സ്ഥിരം സമിതി

രൂപീകരിക്കണം. പുറത്തുനിന്നും വരുന്ന പഴം-പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കണം. ഓരോ ഉത്പന്നത്തിലും അടങ്ങിയിട്ടുള്ള രാസപദാർത്ഥങ്ങളുടെ അളവ് കാണിക്കുന്നതിന് ലേബലിംഗ് നിയമം കൊണ്ടുവരണം. ബദൽ കീടനാശിനികൾ ശാസ്ത്രീയമായ പഠനത്തിനുശേഷം ഉപയോഗിക്കണം. ഇതെല്ലാം ഉൾക്കൊള്ളുന്ന വ്യക്തമായ ഒരു കീടനാശിനി നയം രൂപീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാസർഗോഡ് ജില്ലയിലുണ്ടായ എൻഡോസൾഫാൻ ദുരിതംമൂലം സംസ്ഥാനത്ത് ഇന്ന് രാസകീടനാശിനികൾക്കെതിരെ വളരെയധികം പ്രതിഷേധവും ഭയപ്പാടും ഉയർന്നുവന്നിട്ടുണ്ട്. 7-05-2011 മുതൽ കടും ചുവപ്പും മഞ്ഞയും ലേബലുള്ള കീടനാശിനികളുടെ ഉപയോഗവും വിതരണവും കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. നിരോധിച്ച കീട, കുമിൾ, കളനാശിനികൾക്കുപകരം ബദൽ കീടനാശിനികൾ മാർക്കറ്റിൽ ലഭ്യമാണ്. കർഷകർക്കിടയിൽ പുതിയ കീടനാശിനികളെ സംബന്ധിച്ച അവബോധം വളർത്തുന്നതിന് കർഷക ബോധവൽക്കരണവും പരിശീലനവും സംഘടിപ്പിച്ചുവരുന്നു. ജൈവ കീടനാശിനികളുടെ ലഭ്യത മാർക്കറ്റിൽ ഉറപ്പുവരുത്തുകയും അതിന്റെ സ്വീകാര്യത കർഷകർ വിലയിരുത്തുകയും ചെയ്യണം. കീടനാശിനികളുടെ നിരോധനവും അതിനോടനുബന്ധിച്ചുള്ള ആരോഗ്യ-കാർഷിക പ്രശ്നങ്ങളും പഠിക്കാൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

## (2) ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. വി. എസ്. സുനിൽകുമാർ: തിരുവനന്തപുരം ജില്ലയിൽ 2002-ൽ ആരംഭിച്ച ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച് കാർഡിയോ വാസ്ക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റണം. ഹൃദയ രോഗ ങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും അതിന്റെ വ്യാപനവും മുൻനിറുത്തി ഒരു പൊതുമേഖലാ സ്ഥാപനം ആരംഭിക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്ത് മൂന്ന് ഏക്കർ സ്ഥലം ഇയർമാർക്ക് ചെയ്ത് 2.45 ലക്ഷം രൂപ പ്ലാൻ ഫണ്ടിനത്തിൽ അനുവദിച്ചുവെങ്കിലും മറ്റ് നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. ഈ സ്ഥാപനം ഇപ്പോൾ പുലയനാർകോട്ടയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് സെന്ററുമായി ക്ലബ്ബ് ചെയ്യാനുള്ള ശ്രമം നടക്കുന്നതായി അറിയുന്നു. സാധാരണക്കാർക്ക് ഏറ്റവും ചുരുങ്ങിയ ചെലവിൽ ഹൃദ്രോഗ ചികിത്സ ലഭ്യമാക്കുന്നതിനും ഇതുസംബന്ധമായ റിസർച്ച് നടത്തുന്നതിനും ഫെല്ലോഷിപ്പിനും ബാങ്ക് ഗ്യാരന്റി നൽകി കാർഡിയോ വാസ്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കേരളാ ഹാർട്ട് ഫൗണ്ടേഷനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സ് സെന്ററും ലയിപ്പിക്കുവാനുള്ള തീരുമാനം പിൻവലിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 8-11-2002-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ഹൃദ്രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനും പ്രിവന്റീവ് എപ്പിഡമോളജിക്കൽ സ്റ്റഡീസ്, റിസർച്ച്, റീഹാബിലിറ്റേഷൻ അക്കാഡമി എന്നിവ ഏകോപിപ്പിക്കുന്നതിനും സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കുന്നതിനുമാണ് കേരളാ ഹാർട്ട്

ഫൗണ്ടേഷൻ രൂപീകരിച്ചത്. നിർദ്ദിഷ്ട സെന്റർ ഓഫ് എക്സലൻസായി കാർഡിയോ വാസ്കുലർ ഇൻസ്റ്റിറ്റ്യൂട്ട് കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ കീഴിൽ സ്ഥാപിക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്ത് 3.78 ഏക്കർ സ്ഥലം 2003-ൽ സർക്കാർ അലോട്ട് ചെയ്തിട്ടുണ്ട്. ഗ്യാരന്റി നൽകുന്നതും ബഡ്ജറ്റിൽ തുക നീക്കിവയ്ക്കുന്നതും സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാതിരുന്നതിനാൽ കെട്ടിടം പണിയുന്നതുൾപ്പെടെ യുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോയില്ല. കേരളാ ഹാർട്ട് ഫൗണ്ടേഷന്റെ പ്രവർത്തനം കാർഡിയോളജി വിഭാഗത്തിന്റെ വിപുലീകരണംവഴി നടപ്പിലാക്കിവരുന്നു. ആധുനിക ചികിത്സാ ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ഫലമായി കാർഡിയാക് ചികിത്സാ രംഗത്ത് സാധാരണക്കാർക്ക് മെച്ചപ്പെട്ട സേവനം കുറഞ്ഞ ചെലവിൽ നൽകാൻ ഹാർട്ട് ഫൗണ്ടേഷന് സാധിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി പബ്ലിക് ഹെൽത്ത് ക്യാമ്പുകളും സെമിനാറുകളും പോസ്റ്റർ പ്രദർശനങ്ങളും ഹാർട്ട് ഡേ സെലിബ്രേഷൻസും സംഘടിപ്പിച്ചുവരുന്നുണ്ട്. സർക്കാർ ഗ്രാന്റി നത്തിൽ നൽകിയ 2.43 കോടി രൂപ ഭരണച്ചെലവിനും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾക്കും വിനിയോഗിച്ചു. കേരള ഹാർട്ട് ഫൗണ്ടേഷനെ സ്വതന്ത്ര സ്ഥാപനമായിക്കണ്ട് അതിനാവശ്യമായ ബാങ്ക് ഗ്യാരന്റി ഉൾപ്പെടെ കൊടുക്കുന്നതിനും പ്രവർത്തനം ശക്തിപ്പെടുത്തുന്ന തിനും നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

**(1) <u>നെടുമങ്ങാട് അനുവദിച്ച കോടതിയുടെ പ്രവർത്തനം</u>**

<u>ശ്രീ. പാലോട് രവി</u> : വനം വകുപ്പുമായി ബന്ധപ്പെട്ട തിരുവനന്തപരും ജില്ലയിലെ കേസ്സുകൾ വിചാരണ നടത്തുന്നതിനായി നെടുമങ്ങാട് അനുവദിച്ച പുതിയ കോടതിക്കാവശ്യമായ തസ്തികകൾക്ക് അംഗീകാരം നൽകി എത്രയുംവേഗം പ്രവർത്തനമാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : വനം വകുപ്പുമായി ബന്ധപ്പെട്ട തിരുവനന്തപുരം ജില്ലയിലെ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് നെടുമങ്ങാട് കേന്ദ്രമായി ഒരു ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി സ്ഥാപിക്കണമെന്ന സർക്കാരിന്റെ ആവശ്യം ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം കോടതിക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഇതിനാവശ്യമായിട്ടുള്ള 40 ലക്ഷത്തോളം രൂപ അനുവദിക്കുന്നതിനുമുള്ള ഫയലിന്മേൽ അവസാന തീരുമാനമായിട്ടില്ല. ഹൈക്കോടതിയുടെ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് കോടതി പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**(2) <u>സി. കേശവൻ സ്മാരകം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത</u>**

<u>ശ്രീ. എ.എ. അസീസ്</u> : കൊല്ലം മയ്യനാട് സി. കേശവൻ സ്മാരകം സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് തുറന്ന് പ്രവർത്തിപ്പിക്കാനും പ്രസ്തുത സ്മാരകത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : കൊല്ലം മയ്യനാട് പഞ്ചായത്തിലെ സി. കേശവൻ സ്മാരക മന്ദിരം, മയ്യനാട് ഗ്രാമപഞ്ചായത്തും സി.കേശവൻ എഡ്യുക്കേഷണൽ ആന്റ് കൾച്ചറൽ മിഷനും തമ്മിൽ നിർമ്മാണസ്ഥലം സംബന്ധിച്ചുണ്ടായ തർക്കത്തെത്തുടർന്ന് കേസ്സിൽപെടുകയുണ്ടായി. കൊല്ലം ആർ.ഡി.ഒ.-യുടെ അദ്ധ്യക്ഷതയിൽ 31-01-2011-ൽ ചേർന്ന യോഗത്തിൽ ഈ സ്ഥാപനം സാംസ്ക്കാരിക വകുപ്പിന് വിട്ടുകൊടുക്കാൻ തീരുമാനിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ രേഖകൾ ഇപ്പോൾ സർക്കാരിന് ലഭിക്കുകയും ബഡ്ജറ്റിൽ സ്മാരക മന്ദിരത്തിന് 5 ലക്ഷം രൂപ വകയിരുത്തിയതായി പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത സ്മാരകം സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്ത് പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്.

### (3) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തൽ

ശ്രീമതി കെ.കെ. ലതിക : സംസ്ഥാനത്തെ ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പരിധി യിലുൾപ്പെടുത്താനും പാലിന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : ക്ഷീരകർഷകരേയും രണ്ട് പശുവിനെ വളർത്തുന്നവരോ അല്ലെങ്കിൽ 10 ലിറ്റർ പാൽ അളക്കുന്നവരോ ആയ ആളുകളെയുംകൂടി മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്ത്

തീരുമാനിക്കുന്നതാണ്. പാൽ വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കേസ്സിൽ കോടതി തീരുമാനമെടുക്കുന്ന മുറയ്ക്ക് പാൽവിലയിൽ പുനർനിർണ്ണയം ആവശ്യമായിവരും.

## (4) എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. മോൻസ് ജോസഫ് : സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സമാന തസ്തികയിലുള്ളവരെ സ്ഥിരപ്പെടുത്തിയ നടപടി കണക്കിലെടുത്ത് ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. ജീവനക്കാരിൽ അർഹരായവർക്ക് മെറിറ്റ് അടിസ്ഥാനത്തിൽ സ്ഥിരനിയമനം നൽകാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ജലവിഭവ വകുപ്പിൽ വർഷങ്ങളായി ജോലി ചെയ്തുവരുന്ന എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. 1600-ഓളം വരുന്ന ഇത്തരം ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ജോലി ചെയ്ത നിശ്ചിത കാലാവധി, പ്രായപരിധി എന്നീ ഘടകങ്ങൾ മാനദണ്ഡമാക്കി പരമാവധി അർഹരായവരെ മാത്രം ഉൾക്കൊള്ളിച്ച് ലിസ്റ്റ് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സമാന സ്വഭാവമുള്ള തസ്തികകളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ സാഹചര്യത്തിൽ ഈ വിഷയം വിശദമായ ചർച്ചയ്ക്കുശേഷം മന്ത്രിസഭയുടെ പരിഗണനയിൽ കൊണ്ടുവരുന്നതാണ്.

### (5) ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ: ആലപ്പുഴ ജില്ലയിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ അടിയന്തരിമായി നടപ്പിലാക്കാനും ഡ്യൂട്ടിയിൽ അനാസ്ഥ കാണിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്ന് മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയുടെയും കേരള സ്റ്റേറ്റ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ മൈക്രോ ബയോളജി വിഭാഗത്തോട് ചേർക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് പുതുക്കിയ നിരക്കിൽ വേതനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പലിന്റെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതും മുഖ്യമന്ത്രിയും സ്ഥലം എം.എൽ.എ.യുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമാണ്. ആലപ്പുഴ ജനറൽ ആശുപത്രിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എച്ച്1 എൻ1 പനി റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ മെഡിക്കൽ കോളേജിൽ രണ്ട് വെന്റിലേറ്ററുകളും ജനറൽ ആശുപത്രിയിൽ ഒരു വെന്റിലേറ്ററും എത്തിക്കുകയും ജീവൻ രക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## (6) പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ : ജനബാഹുല്യം കണക്കിലെടുത്ത് തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് പരിധിയിൽ അടിയന്തിരമായി ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെടുന്ന തേഞ്ഞിപ്പാലം ഉൾപ്പെടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളില്ലാത്ത 24 പഞ്ചായത്തുകളിൽ പുതുതായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ആറ് സർക്കാർ ഗ്രാമീണ ഡിസ്പെൻസറികളെ പി.എച്ച്.സി.കളായി ഉയർത്തുന്നതിനുമുള്ള നിർദ്ദേശം ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജനബാഹുല്യം കണക്കിലെടുത്ത് തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

## (7) ആയൂർവ്വേദ, ഹോമിയോ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വർദ്ധനവ്

ശ്രീ. വി.റ്റി. ബൽറാം: അലോപ്പതി പി.ജി. വിദ്യാർത്ഥികളുടേതിന് തുല്യമായി ആയുർവ്വേദം, ഹോമിയോപ്പതി പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ആയുർവ്വേദം, ഹോമിയോ പി.ജി. വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## (8) പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്ര വികസനം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും സമഗ്രമായ വികസനത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്രമായ വികസത്തിന് കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ കിറ്റ്കോ മുഖേന നടത്തിവരുന്നു. അവിടെ പരിമിതമായ സ്ഥലം മാത്രമേ ടൂറിസം വകുപ്പിന്റെ കൈവശമുള്ളൂ എന്നതിനാൽ വികസന പ്രവർത്തനങ്ങൾക്ക് വനം വകുപ്പിന്റെ സഹായം അത്യാവശ്യമാണ്. ബന്ധപ്പെട്ട മന്ത്രിമാർ സ്ഥലം സന്ദർശിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## (9) റോഡുകളും പാലങ്ങളും നവീകരിക്കൽ

ശ്രീ. സണ്ണി ജോസഫ്: കണ്ണൂർ ജില്ലയിലെ തലശ്ശേരി - വളവുപാറ റോഡ് കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ടത്തിലുൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): തലശ്ശേരി-വളവുപാറ റോഡ് 55 കി.മീ. ലോക ബാങ്ക് സഹായത്തോടെ പുനരുദ്ധരിക്കുന്നതിന് കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിലുൾപ്പെടുത്തുകയും സ്ഥലം ഏറ്റെടുക്കൽ ഏകദേശം പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കൂട്ടുപുഴ, ഇരിട്ടി പാലങ്ങളുടെ പണിയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതാണ്. ലോകബാങ്ക് സഹായം എത്രയും നേരത്തെ ലഭ്യമാക്കുന്നതിനും അപ്ഗ്രഡേ

ഷൻ പാക്കേജിൽ ഉൾപ്പെടുത്തി റോഡിന്റെ ഉപരിതലം പുതുക്കുന്നതിനും നട പടികൾ സ്വീകരിച്ചുവരുന്നു.

## (10) ഖാദി മേഖലയിലെ തൊഴിലാളികളുടെ തൊഴിലുറപ്പ്

ശ്രീ. സി. കൃഷ്ണൻ: ഖാദി വ്യവസായ മേഖലയിൽ പരുത്തിയുടെ വിലവർദ്ധനവ്, പ്രാകൃതമായ ഉൽപാദന രീതി എന്നിവയ്ക്ക് പരിഹാരം കാണുന്നതിനും തൊളിലാളികളുടെ മിനിമം വേതനം ഉറപ്പാക്കുന്നതിനും പ്രസ്തുത വ്യവസായത്തെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): ഖാദി തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് സർക്കാർ നിശ്ചയിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ മിനിമം കൂലി നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും മിനിമം വേതനം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷത്തിൽ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ ഖാദി തൊഴിലാളികൾക്ക് തുക വിതരണം ചെയ്യുകയും ശേഷിക്കുന്ന ജില്ലകളിൽ തുക വിതരണം ചെയ്യുന്നതിന് നടപടി കൾ പൂർത്തിയായി വരികയുമാണ്. ഖാദി മേഖലയിൽ കോട്ടൺ വിതരണം പുനരാരംഭിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും മിനിമം വേതനം മുടക്കം കൂടാതെ നൽകുന്നതിനും നടപടി സ്വീകരിക്കുകയും നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

രണ്ട് രൂപയ്ക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ടി.എം. ജേക്കബ് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

(14-07-2011-ന് പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടിയുടെ തുടർച്ച)

**<u>കള്ളനോട്ടുകൾ പിടികൂടിയത് സംബന്ധിച്ച്</u>**

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): 16-08-2008-ന് റാസൽഖൈമയിൽ നിന്നും കരിപ്പൂർ എയർപോർട്ടിലെത്തിയ മുഹമ്മദ് അൽഷാദ് എന്ന യുവാവിനെ ബ്യൂറോ ഓഫ് റവന്യൂ ഇന്റലിജൻസ് ഉദ്യോഗസ്ഥർ തടഞ്ഞു നിർത്തി പരിശോധിച്ചതിൽ 72,50,000 രൂപയ്ക്കുള്ള ഇൻഡ്യൻ വിദേശ നിർമ്മിത കറൻസി കണ്ടെത്തുകയും വിശദമായ ചോദ്യം ചെയ്യലിൽ കള്ളനോട്ടുകൾ ബാബു, ചിന്നൻ എന്ന സജിൻ എന്നിവർക്ക് കൈമാറുന്നതിന് മജീദ്, റാഫി എന്നിവർ ചേർന്ന് കൊടുത്തുവിട്ടതാണെന്നുള്ള മുഹമ്മദ് അൽഷാദിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അബ്ദുൾ മാലിക്, സജിൻ, നൗഷാദ് എന്നിവരെ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് അധികൃതർ അറസ്റ്റ് ചെയ്യുകയുണ്ടായി. കള്ളനോട്ടുകൾ പിടികൂടിയത് സംബന്ധിച്ച് റവന്യൂ ഇന്റലിജൻസ് അസിസ്റ്റന്റ് ഡയറക്ടർ കേരള പോലീസ് ഡയറക്ടർ ജനറലിന് നൽകിയ കത്ത് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിനായി മലപ്പുറം ജില്ലാ പോലീസ് മേധാവിക്ക് അയച്ചു

കൊടുത്തതുപ്രകാരം കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുകൊണ്ടിരിക്കെ 12-2-2009-ന് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ഇപ്പോൾ അന്വേഷണം നടന്നുവരുന്നതുമാണ്. ഈ കേസ്സിൽ 8 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇൻഡ്യയിലേയ്ക്ക് വ്യാജ നോട്ടുകൾ കടത്തുന്ന സംഘത്തിലെ പ്രധാന കണ്ണിയെന്ന് സംശയിക്കുന്ന അബ്ദുൾ മജീദിനെ അറസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഈ കേസ്സിലെ പ്രതികൾ എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് സ്വദേശികളാണ്. അറസ്റ്റിലായ മുഹമ്മദ് റാഫിയുടെ വെളിപ്പെടുത്തലിൽ പാക്കിസ്ഥാൻകാരനായ ഇബ്രാഹിം ഭായി എന്നയാളാണ് റാസൽഖൈമയിലെ വ്യാജ ഇൻഡ്യൻ കറൻസി വിതരണക്കാരനെന്ന് തെളിഞ്ഞിട്ടുണ്ട്. ക്രൈം ബ്രാഞ്ച് അന്വേഷിച്ചുവരുന്ന മറ്റൊരു കള്ളനോട്ട് കേസ്സിൽ ഉൾപ്പെട്ടതും കൊളംബോയിൽ നിന്നും നെടുമ്പാശ്ശേരിയിലേക്ക് കൊണ്ടുവന്നതുമായ 19,99,500 രൂപയുടെ വ്യാജ ഇൻഡ്യൻ കറൻസികൾ ദുബായിൽ നിന്നും മുഹമ്മദ് റാഫിയാണ് കൊടുത്തുവിട്ടതെന്നും വ്യക്തമായിട്ടുണ്ട്. ഈ രണ്ട് കള്ളനോട്ട് കേസ്സു കൾക്കും അന്താരാഷ്ട്ര ശൃംഖലയുമായി ബന്ധമുള്ളതിനാൽ അന്വേഷണം എൻ.ഐ.എ.യേയോ സി.ബി.ഐ.യേയോ ഏൽപ്പിക്കുന്നതാണ് ഉചിതമെന്ന് അറിയിച്ചുകൊണ്ട് ക്രൈം ബ്രാഞ്ച് ശുപാർശ കത്ത് അയച്ചിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച് അവസാന തീരുമാനമായിട്ടില്ല. ഈ കേസ്സിൽ പിടിച്ചെ ടുത്ത കറൻസികളുടെ അതേ നമ്പരിലുള്ള കറൻസികളാണ് ഹോസ്ദുർഗ്, മഞ്ചേശ്വരം, മാള, പെരിന്തൽമണ്ണ, തളിപ്പറമ്പ്, അമ്പലമേട്, കോതമംഗലം എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നും പിടിച്ചെടുത്തിട്ടുള്ളതെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. ഈ കേസ്സുകൾ സംബന്ധിച്ച് ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

**(1) 2011-ലെ കേരള സംസ്ഥാന നിരാശ്രയ കുടുംബ സംരക്ഷണ ബിൽ**

ശ്രീ. ആർ. സെൽവരാജ്: 2011-ലെ കേരള സംസ്ഥാന നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ ബില്ലിലെ വ്യവസ്ഥ നിലവിലുള്ള കേന്ദ്ര നിയമമായ 1882-ലെ വസ്തു കൈമാറ്റ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാലും ഭരണഘടനയുടേയും ഇൻസോൾവൻസി ആക്ടിന്റെയും ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ടിന്റെയും വിരുദ്ധമായ പല വ്യവസ്ഥകളും ഇതിലുള്ളതിനാലും ഇങ്ങനെയൊരു ബിൽ ആവശ്യമില്ല.

ശ്രീ. ആർ. സെൽവരാജ്: സംസ്ഥാനത്ത് രോഗം, കടബാദ്ധ്യത, ദുരന്തങ്ങൾ, അനാഥത്വം എന്നിവവഴി നിസ്സഹായാവസ്ഥയിലായി ജീവിതം വഴിമുട്ടുന്ന കുടുംബങ്ങളിൽ വ്യക്തികളും കുടുംബമൊന്നാകെയും ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകുന്നതിനാൽ അത്തരം പ്രാരാബ്ധ കുടുംബങ്ങൾക്ക് പൂർണ്ണമായ ആശ്രയബോധം നൽകാൻ നിലവിലുള്ള പല പദ്ധതികളും പര്യാപ്തമല്ലാത്തതിനാലാണ് ഇത്തരത്തിലൊരു ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും നൽകുന്നതിന് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, മറ്റ് സഹായ പദ്ധതികൾ എന്നിവയിൽ നിന്നും സഹായം ലഭിക്കുന്നതിനുവേണ്ട വ്യവസ്ഥകൾ

ഈ ആക്ടിൽ അനുശാസിക്കുന്നുണ്ടെങ്കിലും പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപയുടെ സഞ്ചിതനിധി രൂപീകരിക്കേണ്ടതുണ്ട്.

(ചർച്ച തുടരും)

## (2) 2011-ലെ കേരള പണിമുടക്ക് അവകാശ സംരക്ഷണ ബിൽ

ശ്രീ. ആർ. സെൽവരാജ്: 2011-ലെ കേരള പണിമുടക്ക് അവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർക്കാർ ജീവനക്കാരും പൊതുമേഖലാ സ്വകാര്യ സംരംഭങ്ങളിൽ പണിയെടുക്കുന്നവരും അവകാശങ്ങൾക്കായി പണിമുടക്കുകൾ ഉൾപ്പെടെയുള്ള സമരനടപടികൾ കൈക്കൊണ്ടാൽ അവർക്ക് നിയമപരമായി സംരക്ഷണം നൽകുന്നതിനുവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്. തൊഴിലാളികൾക്ക് സംഘടിക്കുവാനും സമരം ചെയ്യുവാനും ലിഖിത രൂപത്തിലുള്ള നിയമം വേണമെന്ന സുപ്രീം കോടതിയുടെ വ്യാഖ്യാനത്തിന് വിരുദ്ധമായി ഒന്നും ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ഇത്തരമൊരു അനൗദ്യോഗിക ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. സെൽവരാജ്: തൊഴിലാളികൾക്ക് സംഘടിക്കുവാനും സമരം ചെയ്യുവാനുമുള്ള അവകാശം ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഒരു അവകാശ തത്വമാണ്. ജീവനക്കാരുടേയും തൊഴിലാളികളുടേയും പണിമുടക്കാനുള്ള അവകാശത്തെ നിഷേധിക്കുന്നത് ശരിയല്ല. അവകാശങ്ങൾക്കായി പണിമുടക്കുകൾ ഉൾപ്പെടെയുള്ള സമരപരിപാടികൾ കൈക്കൊണ്ടാൽ അവർക്ക് നിയമപരമായി സംരക്ഷണം ലഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി സർക്കാർ ഒരു നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണ്.

നിയമപരമായി സർക്കാർ ജീവനക്കാർക്കും തൊഴിലാളികൾക്കും പണിമുടക്കാൻ അവകാശമില്ല എന്ന 2003 ആഗസ്റ്റ് 6-ാം തീയതിയിലെ സുപ്രീംകോടതി വിധി നിലവിലുള്ള സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നിയമം അനിവാര്യമായി തീർന്നിട്ടുള്ളത്. ഭരണഘടനയും മൗലികാവകാശങ്ങളും നിർദ്ദേശക തത്വങ്ങളും വരുന്നതിനുമുമ്പുതന്നെ തൊഴിലാളികൾ പണിമുടക്കിയ ചരിത്രം ഭാരതത്തിനുണ്ട്. 1926-ൽ വ്യവസായ തർക്കനിയമം നിലവിൽ വന്നതുമുതൽ പണിമുടക്കിനുള്ള അവകാശം നിയമപരമായി തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ട്. വ്യവസായതർക്ക നിയമത്തിന്റെ പരിധിയിൽവരുന്ന തൊഴിലാളികൾക്ക് കൂട്ടായ വിലപേശലിനും അവകാശസമരം നടത്തുന്നതിനും അനുവാദമുണ്ട്. ആയതിനാൽ ജീവനക്കാർക്കും തൊഴിലാളികൾക്കും നിയമപരമായി അനുവദിക്കപ്പെട്ട പണിമുടക്കവകാശം നിഷേധിച്ചുകൊണ്ടുള്ള സുപ്രീം കോടതിവിധി സാധുവായ ഒന്നല്ല. അവകാശങ്ങൾക്കായി പണിമുടക്ക് ഉൾപ്പെടെയുള്ള സമരപരിപാടികൾ കൈക്കൊണ്ടാൽ ജീവനക്കാർക്ക് നിയമപരമായ സംരക്ഷണം ഉറപ്പാക്കുന്നതിന് ഒരു നിയമനിർമ്മാണം അനിവാര്യമായതിനാൽ ഇത്തരത്തിലുള്ള ഒരു ബിൽ അത്യന്താപേക്ഷിതമാണ്.

(ചർച്ച തുടരും)

### (3) 2011-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തലും ക്ഷേമനിധി സംസ്ഥാപനവും ബിൽ

ശ്രീ. സാജു പോൾ: 2011-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസ്

ഏർപ്പെടുത്തലും ക്ഷേമനിധി സംസ്ഥാപനവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിലവിലുള്ള കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ഈ ബില്ലിൽ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതേയുള്ളൂ. അതുകൊണ്ട് ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. സാജു പോൾ: കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അതിൽ ലൈബ്രേറിയൻമാർ മുതൽ കേരളത്തിലുള്ള എല്ലാ കലാകാരൻമാരും ഉൾപ്പെടുന്നുണ്ട്. പ്രൊഫഷണൽ നാടകരംഗം ആധുനിക കേരളത്തിന്റെ കലാസാംസ്കാരിക രംഗത്ത് വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ നിലവിലുണ്ടായിരുന്ന മൂന്നൂറ് നാടക ട്രൂപ്പുകൾ 150 ട്രൂപ്പുകളായി ചുരുങ്ങിയെങ്കിലും പതിനായിരം പേർ ഇപ്പോഴും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പ്രൊഫഷണൽ നാടക ട്രൂപ്പുകൾക്ക് രജിസ്ട്രേഷനും ഇൻഷ്വറൻസ് പരിരക്ഷയും ക്ഷേമനിധിയും നാടകം അവതരിപ്പിക്കുന്നതിന് അഞ്ചുലക്ഷത്തിൽ കുറയാത്ത തുക പ്രതിവർഷം സബ്സിഡിയും നൽകണം. പ്രൊഫഷണൽ നാടക ട്രൂപ്പുകളെ ശക്തിപ്പെടുത്താൻ ഈ ബിൽ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കണം. സ്ഥിരം നാടകം അവതരിപ്പിക്കുന്ന വേദിയെക്കുറിച്ച് ചിന്തിക്കണം. ഇക്കാര്യത്തിൽ തിരുവനന്തപുരത്തും കൊല്ലത്തുമുള്ള ജനപ്രതിനിധികളുടേയും മന്ത്രിമാരുടേയും ശക്തമായ പിന്തുണ അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

**(4) 2011-ലെ കേരള മാനസികാരോഗ്യ (പരിപാലന)ബിൽ**

ശ്രീ. സാജുപോൾ: 2011-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം: പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പാർലമെന്റ് പാസ്സാക്കിയ മെന്റൽ ഹെൽത്ത് ആക്ടിൽ മാനസിക ആരോഗ്യ പരിപാലനത്തിനും മാനസിക വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള സ്ഥാപനങ്ങൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും സ്ഥാപിക്കുന്നതിനും അവയെ നിയന്ത്രിക്കുന്നതിനും വ്യവസ്ഥയുണ്ട്. ഇന്ത്യയിൽ ഒരു നിയമം നിലനിൽക്കുന്നതുകൊണ്ട് സംസ്ഥാനത്തിന് മാത്രമായി ഒരു നിയമത്തിന്റെ ആവശ്യമില്ല. ഗവൺമെന്റിന്റെ യാതൊരു സപ്പോർട്ടുമില്ലാതെതന്നെ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന മാനസിക രോഗികളെ സംരക്ഷിച്ച് പൊതുധാരയിലേക്ക് കൊണ്ടുവരുന്ന ധാരാളം സ്ഥാപനങ്ങൾ ഇപ്പോൾ സംസ്ഥാനത്തുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് സഹായം നൽകേണ്ടതുണ്ട്. ഈ ബില്ലിന്റെ ആശയത്തെ സർക്കാർ സ്വാഗതം ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ്തലത്തിൽ ആലോചിക്കുന്നതാണ്. അതിനാൽ ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. സാജുപോൾ: ഈ ബില്ലിന്റെ ആശയത്തോട് സർക്കാർ യോജിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. മെന്റൽ ഹെൽത്ത് കെയർ ആക്ട് പ്രകാരം രൂപീകരിച്ച സംസ്ഥാന മെന്റൽ ഹെൽത്ത് അതോറിറ്റി ഈ

ബില്ലിൽ പറയുന്ന പ്രധാന ധർമ്മങ്ങളൊന്നും നിറവേറ്റുന്നില്ല. മാനസികാരോഗ്യ പ്രശ്നംമൂലം കുടുംബബന്ധങ്ങൾ തകരുകുയും ആത്മഹത്യകളും അപകടമരണങ്ങളും വർദ്ധിക്കുകയും ചെയ്യുന്നു. ലഘു മാനസിക സംഘർഷ പ്രശ്നങ്ങളുൾപ്പെടെ 20 ശതമാനത്തോളം ആളുകൾ മാനസിക അസ്വാസ്ഥ്യമുള്ളവരാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസിന്റെ പ്രവർത്തനം കമ്മ്യൂണിറ്റി സൈക്യാട്രി എന്ന നിലയിൽ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനും മാനസിക രോഗികളെ സംരക്ഷിക്കുന്നതിനും രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ഒരു മാനസികാരോഗ്യ പരിപാലന ബോർഡിന്റെ പ്രവർത്തനം അനിവാര്യമാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : ചികിത്സ ലഭിച്ച് രോഗം മാറിയവരെ പുനരധിവസിപ്പിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മെന്റൽ ഹെൽത്ത് അതോറിറ്റി എല്ലാ ജില്ലകളിലും ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരത്ത് ഇത് ഉടൻ ആരംഭിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ചർച്ച തുടരും)

## (5) 2011-ലെ കേരള ബാല-ബാലിക പീഡന നിരോധന ബിൽ

ശ്രീമതി കെ.കെ. ലതിക : 2011-ലെ കേരള ബാല-ബാലിക പീഡന നിരോധന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ബാല-ബാലിക പീഡനങ്ങളെ സംബന്ധിച്ച് നടപടി

എടുക്കുന്നതിനും കുറ്റക്കാരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും ഇന്ത്യൻ പീനൽ കോഡ്, ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്റ്റ്, കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് തുടങ്ങിയ നിയമങ്ങളിൽ ശക്തമായ വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ പുതിയ നിയമത്തിന്റെ ആവശ്യമില്ല.

ശ്രീമതി കെ.കെ. ലതിക : സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത നിരവധി പെൺകുട്ടികളും ആൺകുട്ടികളും പീഡനത്തിനിരയാകുന്ന സംഭവങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഇതിനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് ഒരു നിയമനിർമ്മാണം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

(ചർച്ച തുടരും)

## (6) 2011-ലെ കേരള കുറി ഉപഭോക്തൃ സംരക്ഷണ മറ്റു പണമിടപാട് നിയന്ത്രണ ബിൽ

ശ്രീ. എം. ഹംസ : 2011-ലെ കേരള കുറി ഉപഭോക്തൃ സംരക്ഷണ മറ്റു പണമിടപാട് നിയന്ത്രണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ഈ വിഷയം ഇന്റർസ്റ്റേറ്റ് ആന്റ് ട്രേഡ് കോമേഴ്സുമായി ബന്ധപ്പെട്ടതായതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിന് ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. സംസ്ഥാനത്തെ നിക്ഷേപകരുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വഞ്ചിക്കുന്ന വ്യക്തി/സ്ഥാപനങ്ങളുടെ ആസ്തികൾ കണ്ടുകെട്ടി വിൽപ്പന നടത്തി

നിക്ഷേപകർക്ക് പണം തിരികെ നൽകുന്നതിനും ഇത്തരം ക്രിമിനൽ കുറ്റങ്ങൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതി സ്ഥാപിക്കുവാനും മറ്റും വ്യവസ്ഥ ചെയ്യുന്ന ഒരു സമഗ്ര നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ബഡ്ജറ്റിൽ പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ഈ ബിൽ കൊണ്ടുവരുന്ന തിന് നിയമതടസ്സമുണ്ട്.

ശ്രീ. എം. ഹംസ : പല സ്വകാര്യ ചിട്ടിക്കമ്പനികളും കോടിക്കണക്കിന് രൂപ ജനങ്ങളിൽനിന്നും തട്ടിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷം സംസ്ഥാനത്ത് സംജാതമായിരിക്കുന്നതിനാൽ ഉപഭോക്തൃ സംരക്ഷണത്തിനു വേണ്ടിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ളതാണ് ഈ ബിൽ. സാമൂഹികമായ ഇടപെടലുകളിലൂടെ മാത്രമേ പ്രശ്നത്തിന് പരിഹാരം കാണാനും ചൂഷണങ്ങൾക്ക് വിരാമമിടാനും സാധിക്കുകയുള്ളൂ. മണിചെയിൻ തട്ടിപ്പുകാരിൽനിന്നും സംസ്ഥാനത്തെ രക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ വിദഗ്ദ്ധ സമിതിയും പഞ്ചായത്ത്തല വിദഗ്ദ്ധ സമിതിയും രൂപീകരിക്കുകയും പണമിടപാട് നടത്തുന്ന സ്ഥാപനങ്ങളുടെ പേര് പ്രസിദ്ധപ്പെടുത്തുകയും വേണം.

(ചർച്ച തുടരും)

## (7) 2011-ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബിൽ

ശ്രീ. എം. ഹംസ : 2011-ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ആർട്ടിക്കിൾ 207(3) അനുസരിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവ് വരുന്ന ബില്ലുകൾ നിയമസഭയിൽ അവതരിപ്പിക്കുന്ന

തിനുമുമ്പ് ഗവർണ്ണറുടെ അനുമതി വാങ്ങണമെന്നിരിക്കെ പ്രസ്തുത ബിൽ അവതരിപ്പിച്ചിരിക്കുന്നത് അനുമതിയില്ലാതെയാണ്. എന്നാൽ പാടശേഖര സമിതികൾക്ക് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളും കടമകളും നൽകുന്ന ആശയ ത്തോട് യോജിക്കുകയാണ്. കുട്ടനാട് പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കു ന്നതിനാൽ കുട്ടനാടിന്റെ മാറിയ പരിസ്ഥിതിക്കനുയോജ്യമായ നിയമ നിർമ്മാണം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ ആലോചനയിലാണ്. നിയമപ്രശ്നത്തിന്റെയും പ്രായോഗികതയുടേയും അടിസ്ഥാനത്തിൽ ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ല.

<u>ശ്രീ. എം. ഹംസ</u> : നിയമ വകുപ്പിന്റെ പ്രാഥമിക പരിശോധനയ്ക്കു ശേഷം അവതരിപ്പിക്കുന്ന ഒരു ബില്ലിൽ ഭരണഘടനാപരമായ തടസ്സം എന്താണെന്നത് സംബന്ധിച്ച വ്യക്തത വേണം. നെല്ലുൽപ്പാദനം കുറഞ്ഞു കൊണ്ടിരിക്കുന്ന അത്യന്തം ഗുരുതരമായ പ്രതിസന്ധിക്ക് പരിഹാരമെന്ന നിലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരള നെൽകൃഷി വികസന അതോറിറ്റി രൂപീകരിക്കണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

**@@@@**